വാർദ്ധക്യകാല പെൻഷൻ.

* 533. [21] ശ്രീ. കെ. ജി. കരുണാകര മേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാർദ്ധക്യകാല പെൻഷൻ സംസ്ഥാനത്തു് 1963 ഡിസംബർ 31–ാംതീയതിവരെ ജില്ലാ നിലവാരത്തിൽ എത്രപേർക്കു നൽകുന്നുണ്ടു് ;

(ബി) പൊന്നാനി താലൂക്കിൽ എത്രപേർക്കു നൽകുന്നുണ്ടു് ;

(സി) പൊന്നാനി താലൂക്കിൽ എത്രപേരുടെ അപേക്ഷ വയസ്സു തികഞ്ഞില്ല എന്ന കാരണത്താൽ തള്ളിക്കളഞ്ഞു ;

(ഡി) നാഷണൽ രജിസ്റ്ററിൽ വയസ്സു് തികഞ്ഞില്ലെന്നു കണ്ടാൽ ഡോക്ടർമാരുടെ അഭിപ്രായത്തിനു് നിർദ്ദേശം നൽകാതെ സ്വയം തീരുമാനം എടുക്കുന്നതു് ശരിയല്ലെന്നു് തഹശീൽദാർക്കു നിർദ്ദേശം നൽകാൻ ദയവുണ്ടാകുമോ ;

(ഈ) പൊന്നാനി താലൂക്കിൽ താഴെപ്പറയുന്നവരുടെ അപേക്ഷകളിന്മേൽ യാതൊരു കല്പനയും കിട്ടിയിട്ടില്ലെന്ന വസ്തുത എന്തുകൊണ്ടാണെന്നു് അന്വേഷിക്കുമോ ?

(i) എളയാട്ട ലക്ഷ്മി അമ്മ.
(ii) കോച്ചിയാട്ടു് ആമിനക്കുട്ടി ഉമ്മ.
(iii) കണ്ണത്ത മീനാക്ഷി അമ്മ.
(iv) കുറിശ്ശേരി കുമ്പ.

മുഖ്യമന്ത്രി ശ്രീ. (ആർ. ശങ്കർ) :

(എ) 1963 ഡിസംബർ 31–ാംതീയതിവരെ ഈ സ്കീമിൽ ഒട്ടാകെ 13,020 പേർക്കു് വാർദ്ധക്യകാല പെൻഷൻ അനുവദിച്ചിട്ടുണ്ടു്. ഇവരുടെ ജില്ലാ വേർതിരിച്ചുള്ള എണ്ണം ഇപ്രകാരമാണു്.

തിരുവനന്തപുരം	ജില്ല	1492
കൊല്ലം	,,	695
ആലപ്പുഴ	,,	1324
കോട്ടയം	,,	785
എറണാകുളം	,,	1561
തൃശ്ശൂർ	,,	1780
പാലക്കാടു്	,,	1426
കോഴിക്കോടു്	,,	2107
കണ്ണൂർ	,,	1850

(ബി) 252 പേർക്കു്.

(സി) 254 അപേക്ഷകളും തള്ളിക്കളഞ്ഞിട്ടുണ്ടു്.

(ഡി) നിലവിലുള്ള വാർദ്ധക്യകാല പെൻഷൻ ചട്ടങ്ങളനുസരിച്ചു് വേണ്ട സന്ദർഭങ്ങളിൽ അപേക്ഷകരെ വയസ്സു് നിർണ്ണയിക്കുന്നതിനായി മെഡിക്കൽ പരിശോധനയ്ക്കു് വിധേയരാക്കാവുന്നതാണു്. കൂടാതെ ആവശ്യമുള്ള സന്ദർഭങ്ങളിൽ അപേക്ഷകരെ നേരിട്ടുകണ്ടു് വയസ്സു ബോദ്ധ്യപ്പെടുവാൻ കളക്ടറെ അധികാരപ്പെടുത്തിയിട്ടുമുണ്ടു്. ഇക്കാര്യത്തിൽ പുതുതായി നിർദ്ദേശങ്ങളൊന്നും തഹശീൽദാർക്കു നൽകേണ്ടതായിട്ടില്ല.

(ഈ) എളയാട്ട ലക്ഷ്മിഅമ്മയുടെയും കണ്ണത്ത മീനാക്ഷി അമ്മയുടേയും അപേക്ഷകളും അവർക്കു 70 വയസ്സു് തികഞ്ഞിട്ടില്ല എന്ന കാരണത്താൽ നിരസിക്കപ്പെടുകയുണ്ടായി. ഈ വിവരം അപേക്ഷകരെ അറിയിച്ചിട്ടുണ്ടു്. കോച്ചിയാട്ട ആമിനക്കുട്ടി ഉമ്മയുടേയും കുറിശ്ശേരി കുമ്പയുടെയും വാർദ്ധക്യകാല പെൻഷനുവേണ്ടിയുള്ള അപേക്ഷകളും ലഭിച്ചിട്ടില്ലെന്നാണു് ബന്ധപ്പെട്ട അധികാരികളും റിപ്പോർട്ടു് ചെയ്തിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly